പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6026 — 07/07/2014- ൽ മറുപടിക്ക്

## ഫാം സ്കൂൾ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുരളീധരൻ:<br>ശ്രീ. ലൂഡി ലൂയിസ്:<br>ശ്രീ. ജോസഫ് വാഴക്കൻ:<br>ശ്രീ. റ്റി. എൻ പ്രതാപൻ: | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) മൃഗസംരക്ഷണ വകുപ്പ് 'ഫാം സ്കൂൾ പദ്ധതി'- ക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | എ) നൽകിയിട്ടുണ്ട്.എക്സ്റ്റൻഷൻ ആന്റ് ട്രെയിനിംഗ് പദ്ധതിയിൽ ഉൾപ്പെടുത്തി 2011-12 സാമ്പത്തിക വർഷം 200 ലക്ഷം രൂപ ഭരണാനുമതി നൽകി ആരംഭിച്ച ഈ പദ്ധതി ഒരു തുടർ പദ്ധതിയായി 2012-13 സാമ്പത്തിക വർഷത്തിലും 26.6 ലക്ഷം രൂപ വകയിരുത്തി നടപ്പിലാക്കി വരുന്നു. എൽ.എം.റ്റി.സി, മറ്റു ട്രെയിനിംഗ് സെന്ററുകൾ, ആർ.എ.ഐ.സികൾ എന്നിവയോടടുത്തുള്ള മികച്ച കർഷക ഫാമുകൾ പരിഷ്കരിച്ചാണ് ഫാം സ്കൂളുകളാക്കിയത്. |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | ബി) എൽ.എം.റ്റി.സി, മറ്റു ട്രെയിനിംഗ് സെന്ററുകൾ, ആർ.എ.ഐ.സികൾ എന്നിവയോടടുത്തുള്ള മികച്ച കർഷക ഫാമുകൾ എന്നിവ പരിഷ്കരിച്ചാണ് ഫാം സ്കൂളുകളാക്കിയത്. ഈ മേഖലയിൽ നേട്ടം കൈവരിച്ച് വിജയഗാഥ തീർത്ത കർഷകന്റെ കൃഷി- മൃഗപരിപാലന രീതികളും വിജയ മാർഗ്ഗങ്ങളും മറ്റുള്ള കർഷകരിലേയ്ക്ക് എത്തിക്കുന്നതിനും |

കൂടാതെ മൃഗസംരക്ഷണ സമ്പത്ത് വിപുലമാക്കുന്നതിന് മികവുറ്റ കർഷകർ തന്നെ പരിശീലനം നൽകി, മറ്റുള്ള കർഷകരെ മൃഗസംരക്ഷണ മേഖലയിലേക്ക് കൂടുതലായി ആകർഷിക്കുന്നതിനുമാണ് ഈ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. കർഷകർക്ക് മറ്റു വികസിത ഫാമുകൾ കണ്ട്, ആധുനിക രീതിയിൽ മൃഗപരിപാലനവും, മൃഗസമ്പത്ത് ജീവനോപാധിയാക്കി ലാഭകരമായി ഫാം നടത്തിക്കൊണ്ടു പോകുന്നതിനുള്ള അറിവും നൽകുന്നതിനുമായി എക്സ്പോഷർ വിസിറ്റ് നടത്തുന്നതും ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളാണ്.

സി) എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത പദ്ധതി പ്രകാരം ലഭിക്കുന്നത്; വിശദമാക്കുമോ;

സി) ഡയറിഫാം, മിക്സഡ് ഫാമുകൾ, ആടുവളർത്തൽ ഫാമുകൾ, മുയൽവളർത്തൽ ഫാമുകൾ, പന്നി വളർത്തൽ ഫാമുകൾ, തീറ്റപ്പുൽ ഫാം എന്നീ ഫാം സ്കൂളുകൾ തുടങ്ങുന്നതിനുള്ള ധനസഹായമാണ് നൽകുന്നത്. കൂടാതെ എക്സ്പോഷർ വിസിറ്റ്, ആധുനിക ഉപകരണങ്ങൾ പരിചയപ്പെടുത്തുക, ട്രെയിനിംഗ് പദ്ധതി നടത്തുന്നതിനുള്ള ചെലവ്, വാഹനച്ചെലവ് മറ്റു അത്യാവശ്യചെലവുകൾ എന്നിവയ്ക്കും ധനസഹായം നൽകിവരുന്നു.

ഡി) പ്രസ്തുത പദ്ധതിയനുസരിച്ച് എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഡി) പദ്ധതി നടത്തിപ്പിനായി താഴെ പറയുന്ന രീതിയിൽ ധനസഹായം 2011-2012 വർഷത്തിൽ മൃഗസംരക്ഷണ വകുപ്പിൽ നിന്നും ലഭ്യമാക്കി.

1. **ഡയറിഫാംസ്കൂൾ**

153 ബ്ലോക്കുകളിലായി 153 ഫാംസ്കൂൾ.

ബ്ലോക്ക് ഒന്നിന് 1 ലക്ഷം രൂപാ വീതം –

153 ലക്ഷം രൂപ

**2.മിക്സഡ് ഫാം സ്കൂൾ**

ജില്ലയിൽ 1 വീതം -14 ജില്ലയ്ക്ക് 14 ഫാമുകൾ. ഫാം ഒന്നിന് 1.5 ലക്ഷം രൂപ നിരക്കിൽ 14 ഫാമിന് 21 ലക്ഷം രൂപ

**3.ഗോട്ട്ഫാം സ്കൂൾ**

ഓരോ ജില്ലയിലും 2 ഫാം വീതം 14 ജില്ലയിൽ 28 എണ്ണം. യൂണിറ്റിന് 25000 രൂപ വീതം 28 യൂണിറ്റിന് 7 ലക്ഷം രൂപ.

**4.പന്നിഫാം സ്കൂൾ**

10 ജില്ലകളിലായി ഓരോ ഫാം വീതം 10 ഫാമുകൾ. ഫാം ഒന്നിന് 50,000/- രൂപ വീതം 10 ഫാമിന് 5 ലക്ഷം രൂപ.

**5.റാബിറ്റ് ഫാംസ്കൂൾ**

ഒരു ജില്ലയ്ക്ക് ഒന്ന് വീതം 14 ജില്ലയ്ക്ക് 14 എണ്ണം. ഒരു ഫാമിന് 25000/- രൂപ വീതം 14 ഫാമിന് 3.5 ലക്ഷം രൂപ

**6. ഫോഡർ പ്ളോട്ടുകൾ**

ഒരു ജില്ലയിൽ 2 എണ്ണം വീതം 14 ജില്ലയ്ക്ക് 28 പ്ളോട്ടുകൾ. ഒരു പ്ളോട്ടിന് 10,000 രൂപ നിരക്കിൽ 28 പ്ളോട്ടിന് 2.8 ലക്ഷം രൂപ

എക്സ്പോഷർ വിസിറ്റ്, ആധുനിക ഉപകരണങ്ങൾ പരിചയപ്പെടുത്തുക, ട്രയിനിംഗ്, പദ്ധതി നടത്തുന്നതിനുള്ള ചെലവ്, വാഹന ചെലവ്, മറ്റു അത്യാവശ്യ ചെലവുകൾ എന്നിവയ്ക്കായി 7.7 ലക്ഷം രൂപയും ഈ പദ്ധതിയ്ക്കായി വക മാറ്റി. ആകെ പദ്ധതി വിഹിതം - 200 ലക്ഷം രൂപ (2011-2012 വർഷം)

2012-2013 വർഷത്തിൽ ഒരു എൽ.എം.റ്റി.സി യിലേക്ക്, 3.8 ലക്ഷം രൂപ വീതം 6 ഫാമുകൾ നടത്തുവാനായി പദ്ധതി വിഭാവനം ചെയ്തു. 7 ജില്ലകളിലേക്ക് 3.8 ലക്ഷം രൂപ വീതം 26.6 ലക്ഷം രൂപയാണ് പദ്ധതി വിഹിതമായി നൽകിയിട്ടുള്ളത്. ലേണിംഗ് ബൈ സീയിംഗ് ത്രൂ എസ്റ്റാബ്ലിഷ്ഡ് ഫാം സ്കൂൾ എന്ന വിഭാഗത്തിൽ മികച്ച കർഷക ഫാമുകൾ മറ്റ് കർഷകർക്ക് കാണുന്നതിനും, ട്രെയിനിംഗ് ലഭിക്കുന്നതിനും 15 പേരടങ്ങുന്ന മൂന്ന് ട്രെയിനിംഗുകൾ വീതം 247 ഫാം സ്കൂളുകളിലും നൽകുന്നതിനായി 28.4 ലക്ഷം രൂപ കൂടി 2012-2013 വർഷത്തിൽ നീക്കിവെച്ചിരുന്നു.

സെക്ഷൻ ഓഫീസർ